# കേരള സംസ്ഥാന ഓഡിററ് വകുപ്പ്

www.lfa.kerala.gov.in

# കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി1/90 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495-237101
തീയതി:05.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി1/90/2019 തീയതി:05.03.2019

## കോഴിക്കോട്ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ

# 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 3.1.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്,<br>തസ്തിക | ശ്രീ.സതീഷ് മാവേലി പുത്തൻവീട്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4.1.2019 മുതൽ 14.1.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.എം.മനോഹരൻ | ഓഡിററ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.പി.എ.വിനോദ് | അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീമതി.പി.ഷൈനി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ആർ.കെ.ദിശ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ടി.എം.അഫ്സൽ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൻ.സി.ഉസ്സൈൻ | 1.4.2017മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ.പി.രാമചന്ദ്രൻ | 1.4.2017 മുതൽ 31.3.2018വരെ |

നിർവഹണദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഗിരിജ.കെ | 1.4.2017 മുതൽ 31.3.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. പ്രദീപ് കുമാർ | 1.4.2017മുതൽ 23.10.2017 വരെ |
| | റസീന.എൻ.പി. | 24.10.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോകെകെ.അബ്ദുൾ റഹ്മാൻ | 1.4.2017 മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിനോയ് | 1.4.2017 മുതൽ 31.3.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.വിക്രാന്ത് | 1.4.2017 മുതൽ 31.3.2018വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ടി.കെ.നസീർ | 1.4.2017 മുതൽ 31.3.2018വരെ |
| വി.ഇ.ഒ | ശ്രീമതി.ശ്രീജ.ടി.എസ് | 1.4.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പത്മാക്ഷി | 1.4.2017 മുതൽ 30.5.2017വരെ |
| | ശ്രീമതി.ശ്രീജ.വി.ടി. | 1.6.2017 മുതൽ 24.8.2017 വരെ |
| | ശ്രീമതി.വി.ശാലിനി | 25.8.2017 മുതൽ 31.3.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.എൻ.രമേശ് | 1.4.2017 മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മററ് ഓഡിററുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം - 2 | | |
| 13 | കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ച-നികുതി നഷ്ടം സംഭവിക്കുന്നു | 2-1 |
| 14 | ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് | 2-2 |

| | | |
|---|---|---|
| 15 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള വാസ ഗൃഹങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി | 2-3 |
| 16 | ഒരു ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയത്- സംബന്ധിച്ച് | 2-4 |
| 17 | പ്രാഥമിക മേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് നികുതി ഇളവ് നൽകി | 2-5 |
| 18 | തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച് | 2-6 |
| ഭാഗം -3 | | |
| 19 | മാർഗ്ഗനിർദ്ദേശം പാലിക്കാതെ കാർഷിക പദ്ധതി നടപ്പിലാക്കി. | 3-1 |
| 20 | പഞ്ചായത്ത് ഓഫീസ് പരിഷ്കരണം പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ | 3-2 |
| 21 | ആവിലോറ അങ്കണവാടി പുനരുദ്ധാരണം – അധിക തുക നൽകി | 3-3 |
| 22 | കുടിവെള്ള വിതരണം – സർക്കാർ ഉത്തരവ് പാലിച്ചില്ല. | 3-4 |
| 23 | പെൻഷൻ അംശദാനം അടയ്ക്കാൻ നടപടി വേണം | 3-5 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തി – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-6 |

| | | |
|---|---|---|
| 25 | മരാമത്ത് പ്രവൃത്തി നിർവഹണം വകയിരുത്തിയ തുകയുടെ വിനിയോഗം കാര്യക്ഷമമല്ല | 3-7 |
| 26 | റോഡ് പ്രവൃത്തികൾ മാർഗ്ഗനിർദ്ദേശം പാലിക്കാതെ നടപ്പാക്കുന്നു. | 3-8 |
| 27 | തെരുവ് വിളക്ക് സ്ഥാപിക്കൽ അപാകതകൾ | 3-9 |
| 28 | എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം – പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-10 |
| 29 | മുൻകൂർ തുക ക്രമീകരികരിച്ചില്ല – രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർവം | 3-11 |
| ഭാഗം - 4 | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 37 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം- 1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജററ്

24.3.2017 തീയതിയിലെ 28/17തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 24.3.2018 തീയതിയിലെ 40/18 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ റവന്യൂ വരവ് ചെലവുകൾ സംബന്ധിച്ചും ഇതുൾപ്പെടെ, ആകെ വരവ് ചെലവുകൾ സംബന്ധിച്ചും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കാൻ തയ്യാറാക്കിയ കരട് ബജറ്റ് നിർദ്ദേശങ്ങളും, ഇത് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകളും ഹാജരാക്കാനാവശ്യപ്പെട്ടതിന് ലഭ്യമാക്കിയ ഫയലിൽ ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ നൽകിയ നോൺപ്ലാൻ എസ്റ്റിമേററ് മാത്രമാണുള്ളത്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ അതാതിന്റെ മേഖലകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ) സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേററും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. എന്നാൽ 2017-18 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർ,

ഘടകസ്ഥാപനങ്ങൾ, സ്റ്റാൻഡിംഗ് കമ്മിററികൾ എന്നിവരിൽ നിന്നും ആവശ്യപ്പെടാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി തീരുമാനിക്കുന്നതു തന്നെ 11.1.2017 ന് മാത്രമാണ്.

(ബി) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് [ സെക്ഷൻ 214 (1എ)] . എന്നാൽ 2017-18 ലെ ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ചർച്ച ചെയ്ത് അംഗീകരിക്കുന്നതു തന്നെ 20.3.2017 നാണ്.

ബജറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആകെ പ്രതീക്ഷിത വരവ് 14.40കോടി രൂപയും ചെലവ് 11.36 കോടി രൂപയുമായിരുന്നു. എന്നാൽ വാർഷികകണക്കുകൾ പ്രകാരം ആകെ വരവ് 6.38കോടിയും ചെലവ് 5.98 കോടിയുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. (വികസന ഫണ്ട്, സംരക്ഷണഗ്രാന്റ്, മററ് ഗ്രാന്റുകൾ എന്നിവയിൽ വകയിരുത്തിയതുക സർക്കാർ ബജറ്റ് പ്രകാരം അനുവദിച്ചതു തന്നെയെങ്കിലും, ചെലവ് അനുവദിച്ച തുകയേക്കാൾ 1.02 കോടി രൂപ കുറവാണ്. വാർഷിക കണക്കുകൾ പ്രകാരം ആകെ വരവ് 6.38 രൂപയാണെങ്കിലും മേൽ വ്യത്യാസം കൂടി പരിഗണിച്ച് ആകെ വരവ് 7.4 കോടിയെന്ന് പരിഗണിക്കാം) 2017-18 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം വരവ് ചെലവുകൾ യഥാക്രമം 11.47 കോടിയും 11.04 കോടിയുമായിരിക്കെയാണ് ഇത്തരത്തിലുള്ള അന്തരം യഥാർത്ഥ വരവു ചെലവുകളിൽ വന്നിരിക്കുന്നതെന്ന് കാണാവുന്നതാണ്.

അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കാത്തതിനും അപാകതകളില്ലാതെ ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2018 | 8.6.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.6.2018 മുതൽ 21.6.2018 വരെ | കെ.എസ്.എ.കെ.കെ.ഡി/ഇ2/ 1111/2018(26)/10.7.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6823217 |
| വരവ് | 56985899 |
| ആകെ | 63809116 |
| ചെലവ് | 59811530 |
| നീക്കിയിരിപ്പ് | 3997586 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 15572000 | 15572000 | 14460863 | 1111137 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4310925 | 4310925 | 4197182 | 113743 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 14994 | 14994 | ---- | 14994 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 7358561 | 7358561 | 3176788 | 4181773 |
| മെയിന്റനൻസ്, നോൺ-റോഡ് | | 3647694 | 3647694 | 2361138 | 1286556 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 7575202 | 7575202 | 5544015 | 2031187 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 3468882 | 3468882 | 1992416 | 1476466 |
| സാക്ഷരത | | 470896 | 18993 | 489889 | ---- | 489889 |
| വിമുക്തി | | 25000 | 12500 | 37500 | | 37500 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | ---- | 14649503 | 14649503 | 14649503 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13121 | 1274687 | 1287808 | 1260840 | 26968 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ഐ.സി.ഡി.എസ് | | 320926 | 916613 | 1237539 | 143771 | 1093768 |
| എസ്.ജി.ആർ.വൈ. | | 1661 | 63 | 1724 | ---- | 1724 |
| എം.പി.ഫണ്ട് | | 15094 | 760473 | 775567 | 738193 | 37374 |
| പൈക്ക | | 13303 | 511 | 13814 | ---- | 13814 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ജലനിധി | | 164932 | 6341 | 171273 | ----- | 171273 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 1290000 | 1290000 | 290000 | (1000000 റിഡംപ്ഷൻ തുക) |
| | ജില്ലാ പഞ്ചായത്ത് | 17232 | 47320 | 64552 | 45000 | 19552 |
| ബി ഫണ്ട് | | ---- | 36396100 | 36396100 | 36396100 | ----- |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1947948 | 10297000 | 12244948 | 8217986 | 4026962 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3815999 | 11330245 | 15095629 | 12517046 | 2578583 |
| | ട്രഷറി അക്കൗണ്ട് | 17105 | 24950 | 42055 | 8550 | 33505 |
| മറ്റിനം | | | | | | |

തനതുഫണ്ട് ട്രഷറി അക്കൗണ്ടിൽ (TSB), തനതുഫണ്ടിനു പുറമെ ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം, വിമുക്തി, ജനറൽ പർപ്പസ് ഗ്രാൻറ് എന്നിവയും ഉൾപ്പെടുന്നു. മൊത്തം നീക്കിയിരിപ്പു തുകയിൽ നിന്നും 29.3.2018 ന് 4955129/-രൂപ റിഡംപ്ഷൻ തുകയായി സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്. ആയതിനാൽ 31.3.2018ന് ടി.എസ്.ബി.അക്കൗണ്ടിലെ നീക്കിയിരിപ്പു തുക 214674/- രൂപ മാത്രമാണ്. എന്നാൽ മൊത്തം ഉണ്ടാകേണ്ടിയിരുന്ന നീക്കിയിരിപ്പു തുക5169803/- രൂപയായിരുന്നു. 7.4.2018 ന് പ്രസ്തുത തുക അക്കൗണ്ടിലേക്ക് തിരികെ ക്രെഡിററു ചെയ്തിട്ടുണ്ട്.

അതുപോലെ സംയുക്ത പ്രൊജക്ടുകൾക്കായുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും 1000000/- രൂപ റിഡംപ്ഷൻ തുകയായി 29.3.2018ന് സർക്കാർ തിരിച്ചെടുക്കുകയും 7.4.2018ന് അക്കൗണ്ടിലേക്ക് തിരികെ ക്രെഡിററു ചെയ്യുകയും

ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടിൽ 31.3.2018ന് യഥാർത്ഥത്തിൽ ഉണ്ടാകേണ്ടിയിരുന്ന നീക്കിയിരിപ്പ് 1000000/-രൂപ സർക്കാർ പിൻവലിച്ചതിനാൽ 31.3.2018ന് അക്കൗണ്ടിൽ നീക്കിയിരിപ്പൊന്നും തന്നെയില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 54457227 | 114 | 37679279 | 6 | 50 | 67 |

ഡി.പി.സി. അംഗീകാരം ലഭിച്ച 170 പ്രൊജക്ടുകളിൽ 114 എണ്ണം പൂർണ്ണമായും, 6 എണ്ണം ഭാഗികമായും മാത്രമാണ് ഓഡിററു വർഷം പൂർത്തീകരിച്ചിട്ടുള്ളത്. ആകെ പദ്ധതി അടങ്കലായി വകയിരുത്തിയ തുകയിൽ 69% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

അസി. എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 100 പ്രോജക്ടുകളാണ് പൂർത്തീകരിക്കാനുണ്ടായിരുന്നത്. ഇതിൽ 53 പ്രൊജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. വിവിധ ഫണ്ടിനങ്ങളിലായി വകയിരുത്തിയ 24860243 രൂപയിൽ 10270617 രൂപ മാത്രമേ സാമ്പത്തികവർഷം വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ. പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാത്തതിനാൽ 14589626 രൂപ ഗ്രാമപഞ്ചായത്തിന് അസി.എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകൾക്ക് മാത്രം വിനിയോഗിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്. 40 സ്പിൽ ഓവർ പ്രോജക്ടുകളാണ് പൂർത്തീകരിക്കാനുണ്ടായിരുന്നത്. ആയതിൽ 19 പ്രവൃത്തികൾക്ക് സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടതായി കാണുന്നില്ല.

മിനുട്സ് ബുക്ക് പരിശോധിച്ചതിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തീർത്തും നിഷ്ക്രിയമാണെന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്യുതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഉൽപാദന മേഖലയിൽ ഒട്ടു മിക്ക പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും പതിവു ശൈലിയിലുള്ള പ്രൊജക്ടുകൾ

തന്നെയാണ് തൻവർഷവും നടപ്പിലാക്കിയിട്ടുള്ളത്. ക്ഷീരവികസന മേഖലയിൽ നടപ്പാക്കിയ പാലിന് ഇൻസൻറീവ് നൽകൽ എന്ന പ്രൊജക്റ്റിനായി സബ്സിഡി നൽകിയപ്പോൾ അധിക തുക നൽകാനിടയായി. കാർഷിക മേഖലയിൽ സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിനാൽ അധിക തുക ചെലവഴിക്കാനിടയായിട്ടുണ്ട് (ഖണ്ഡിക കാണുക).

ഓഡിററു വർഷം 3 ഡിപ്പോസിററു പ്രവൃത്തികൾക്കായി മുൻകൂറായി തുക അനുവദിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടുകയോ, പ്രവൃത്തിയുടെ മോണിട്ടറിംഗ് നടത്തി പ്രവൃത്തിപുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ വിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

വിവിധ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വേണ്ടത്ര ഇടപെടൽ നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടില്ല. ആവശ്യകത നിർണ്ണയിക്കാതെയും അവസ്ഥാവിശകലനം നടത്താതെയും പദ്ധതികൾ രൂപീകരിച്ചതുകൊണ്ട് പല പദ്ധതികളും നടപ്പാക്കാൻ സാധിച്ചിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട തടസ്സം സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും യഥാസമയങ്ങളിൽ നിരീക്ഷിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥന് മാർഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13121 | 1274687 | 1287808 | 1260840 | 26968 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | ---- | 14649503 | 14649503 | 14649503 | ----- |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 186600 | 296 |
| കർഷകതൊഴിലാളി പെൻഷൻ | 5267400 | 464 |
| വിധവാപെൻഷൻ | 11711800 | 1003 |
| വാർദ്ധക്യകാലപെൻഷൻ | 14127900 | 1121 |
| വികലാംഗപെൻഷൻ | 4701400 | 409 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 336000 | 30 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.1.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18855/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ

മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കുന്നതിലും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ബജററ് തയ്യാറാക്കി അംഗീകാരത്തിനായി ഭരണസമിതി മുമ്പാകെ വെയ്ക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട് (ഖണ്ഡിക 1-1 കാണുക).

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും വേണ്ടത്ര കാര്യക്ഷമമല്ല. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. ബിൽ രജിസ്റ്റർ, ചെക്ക് & ഡ്രാഫ്ററ് രജിസ്ററർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിററ് രജിസ്ററർ, ആസ്തി രജിസ്റ്റർ, തെരുവുവിളക്ക് രജിസ്റ്റർ, ബജററ് ഫയൽ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. രശീതി പ്രകാരമുള്ള ദൈനംദിന പണംപിരിവ്, ഒടുക്ക്, എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് മേൽനോട്ട സംവിധാനം നിലവിലുണ്ട്. ധനപരമായ ഇടപാടുകൾ രേഖപ്പെടുത്തുന്ന അടിസ്ഥാന രേഖയായ വൗച്ചറുകൾ ക്രമമായി സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. വളരെക്കാലമായി ധനകാര്യ ഇടപാടുകളൊന്നും നടത്താത്ത ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തു പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും വ്യാപാരികളെയും കമ്പനികളെയും കണ്ടെത്തി തൊഴിൽ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവന്ന് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും, ഡി&ഒ ലൈസൻസ് എടുക്കാത്ത വ്യാപാരികളെ കണ്ടെത്തി ലൈസൻസ് ഫീ ചുമത്തുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി വേണ്ടത്ര ഇടപെടൽ നടത്തിയിട്ടില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും

ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനു പകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ച് കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ കമ്മിററിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നു കാണുന്നു. വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിലും ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിററിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഫലപ്രദമല്ലാതിരുന്നതിനാൽ ഒട്ടേറെ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വേണ്ടത്ര ഇടപെടൽ നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടില്ല. ആവശ്യകത നിർണ്ണയിക്കാതെയും അവസ്ഥാവിശകലനം നടത്താതെയും പദ്ധതികൾ രൂപീകരിച്ചതുകൊണ്ട് പല പ്രവൃത്തികളും നടപ്പാക്കാൻ സാധിച്ചിട്ടില്ല. മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട തടസ്സം സ്റ്റാന്റിംഗ്കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും യഥാസമയങ്ങളിൽ നിരീക്ഷിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥന് മാർഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പല പ്രൊജക്ടുകളും യഥാസമയം നടപ്പിലാക്കാൻ കഴിയാതെ ലഭ്യമായ ഫണ്ടുകൾ നഷ്ടപ്പെടാനിടയാക്കി. ആസ്തിരജിസ്റ്ററുകൾ യഥാസമയം കാലികമാക്കുന്നില്ല. പല ആസ്തികളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജീപ്പിന്റെ ശരിയായ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ ഉറപ്പുവരുത്തുന്നത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്. ഈ ചുമതലകൾ നിറവേററുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം, റിപ്പയർ സംബന്ധിച്ച വിശദാംശം എന്നിവ രേഖപ്പെടുത്തുന്നില്ല. മാത്രമല്ല വാഹനം ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ

കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.9.2018 മുതൽ 23.9.2018 വരെ | 9/18 | 28.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.5.2010 മുതൽ 26.5.2010 വരെ | 2005-06 മുതൽ 2009-10വരെ | 2.7.2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വി.പിഎഫ്.എ-I, 2, 3 എന്നീ ട്രഷറി അക്കൗണ്ടുകളുടെ സ്ക്രോളുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.
2. ആസ്തിരജിസ്റ്റർ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയോ 31.3.2018 വരെ സൃഷ്ടിക്കപ്പെട്ട എല്ലാ ആസ്തികളുടെയും മൂല്യം സാംഖ്യയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.
3. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിൽ പ്രൊവിഷൻ കൊടുത്തിട്ടില്ല.
4. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം, ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
5. തൻവർഷത്തെ ഇ-ടെണ്ടർ മുഖേന ലഭിച്ച ഫീസ് പഞ്ചായത്ത് ഫണ്ടിൽ വരവുവെച്ചിട്ടില്ല.

6. ടെണ്ടർ ഫോം രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് 1,59,10,343/- രൂപയാണ് വരവ് ചെലവ് രേഖപ്പെടുത്തിയത്. എന്നാൽ E.F.M.S. മുഖേന 1.66 കോടി രൂപ വരവ് ലഭിച്ചിട്ടുണ്ട്. ആയത് ഈ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. വസ്തു നികുതി ഡിമാൻറ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.
9. ബിൽഡിംഗ് പെർമിററ് രജിസ്റ്റർ, ടെണ്ടർ ഫോം രജിസ്റ്റർ എന്നിവ എഴുതി പൂർത്തീകരിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ചു- നികുതി നഷ്ടം സംഭവിക്കുന്നു

2017-18 വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 272 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. എന്നാൽ സഞ്ചയയിൽ നികുതി നിർണയിച്ചതിന്റെ വിവരം പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളുടെയും ഉപയോഗ ക്രമം തെറ്റായി കാണിച്ചിട്ടുണ്ട്. ചില സ്ഥാപനങ്ങളുടെ/കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല, ഇത് മൂലം നികുതി നഷ്ടം സംഭവിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട നമ്പർ | ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 73 | 1/291 | നേഹ ഡിജിറ്റൽ സ്റ്റുഡിയോ | മറിയോമ ഉമ്മ, ആനകുഴിക്കൽ | കെട്ടിടത്തിന്റെ വിവരം ലഭ്യമല്ല |
| 176 | 1/368 | ശാന്തി ആയുർവേദിക് ഫാർമ | പാത്തുമ്മ, വട്ടോളി, എളേറ്റിൽ, 673572 | നികുതി, ഉപനികുതി എന്നിവ ഒഴിവക്കപെട്ട കെട്ടിടങ്ങൾ |
| 254 | 1/490 | എ കെ കെ വി സ്റ്റോർസ് | കാദർ.ടി പി, തൊള്ളംപാറയിൽ, എളേറ്റിൽ, 673572 | നികുതി, ഉപനികുതി എന്നിവ ഒഴിവക്കപെട്ട കെട്ടിടങ്ങൾ |
| 165 | 17/150 H&I | ബേബീസ് പാർക് എളേറ്റിൽ | അബ്ദുൽമജീദ്.പി.പി, പൂക്കോട്ട് പുറായിൽ | കെട്ടിടത്തിന്റെ വിവരം ലഭ്യമല്ല |
| 213 | 17/443 | ഇന്ത്യൻ സ്വീറ്റ്സ് ഏളേറ്റിൽ | സുഹാസ് കച്ചേരിയിൽ | കെട്ടിടത്തിന്റെ വിവരം ലഭ്യമല്ല |
| 51 | 2/122 | മലഞ്ചരക്ക് കട | അബ്ദുൾമജീദ്, മുണ്ടിച്ചി പാറക്കൽ, എളേറ്റിൽ, 673572 | പാർപ്പിടാവശ്യം |
| 53 | 2/211 | ബേക്കറി പലഹാരം നിർമാണം | റിനാസ്, പുല്ലടി, എളേറ്റിൽ, 673572 | പാർപ്പിടാവശ്യം |
| 80 | 2/314 B | ഇന്റർ നെറ്റ് കഫേ | ദാമോദരൻ ഇ കെ, ഏനം കുന്നമ്മൽ | കെട്ടിടത്തിന്റെ വിവരം ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| 148 | 15/469 | പന്നൂർ വുഡ് ഇൻടസ്ട്രീസ് | പങ്കജാക്ഷി, പുതിയോട്ടിൽ, കിഴക്കോത്ത്, 673572, | പാർപ്പിടാവശ്യം |

മേൽ കാണിച്ച കെട്ടിടങ്ങളിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം സഞ്ചയയിൽ തെറ്റായി ചേർക്കുന്നത് മൂലം നികുതി നഷ്ടം സംഭവിക്കുന്ന എന്നത് മുകളിൽ ചേർത്ത ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണ്. ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടതും പഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-2 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനൊ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1)ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ--- 2433

100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് ------ 45

200 ച മി ക്ക് വരെയുള്ള ഷോപ്പിങ് മാളുകൾ........ 2

200 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ 1

| | |
|---|---|
| വാണിജ്യം, ബങ്കുകൾ, കമ്പ്യൂട്ടർ സെന്റർ | 6 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 37 |
| ഇതര വ്യവസായത്തിനുള്ളത് | 15 |
| | ആകെ 2539 |

മേൽ കാണിച്ച് പ്രകാരം പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2539 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2017-18 സാമ്പത്തിക വർഷത്തിൽ 272പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം ഇതിൽ നിന്നും വ്യക്തമാണ്. മേൽ വിഷയം പഞ്ചായത്ത് ഇതു വരെയും പരിശോധിച്ചിട്ടില്ല. വളരെ കുറഞ്ഞ തനത് വരുമാനമുള്ള പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം പോലും നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. പഞ്ചായത്ത് പരിധിയിൽ ഡി.&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നിയമാനുസൃത നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്. പഞ്ചായത്തിന്റെ വരുമാനത്തിലെ ചോർച്ച തടയുന്നതിന് ഫലപ്രദമായ നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി സ്വീകരിക്കേണ്ടതാണ്.

## 2-3 60 ച.മി ൽ കൂടുതൽ വിസ്തീർണമുള്ള വാസ ഗൃഹങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ (എം.എസ്) 358/15 തി.16.12.2015 എന്നിവ പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസഗൃഹങ്ങളേയും, 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

എന്നാൽ സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്സ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള നിരവധി കെട്ടിങ്ങൾക്ക് നികുതി ഒഴിവാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| 1 | 5/401 | 101 ച.മീ | മൊയ്തീൻകുട്ടി, | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | ചെവിടം പാറക്കൽ, ആവിലോറ, 673572 | |
| 2 | 07/103 എ | 117 ച.മീ | ആയിഷ, തെറ്റമ്മൽ, കിഴക്കോത്ത്, 673572 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 12/354 | 112 ച.മീ | അമ്മാളു, ചെറിയപാലോറമ്മൽ, കിഴക്കോത്ത്, 673572 | സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൗജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം (സെ. 207 (1 (ജെ) ) |
| 4 | 12/360 | 102 ച.മീ | രാജേന്ദ്രൻ, ചെറിയപാലോറമ്മൽ, കിഴക്കോത്ത്, 673572 | സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൗജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം (സെ. 207 (1 (ജെ) ) |
| 5 | 13/421 | 100.43 ച.മീ | നവനീദാസ്, പാലയുള്ള കണ്ടത്തിൽ, കിഴക്കോത്ത്, | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | 673572 | |
| 6 | 15/69 | 128.32 ച.മീ | സരോജിനി, താഴെനെട്ടുങ്കളം, കിഴക്കോത്ത്, 673572 | സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൗജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം (സെ. 207 (1 (ജെ) ) |
| 7 | 15/174 | 205.35 ച.മീ | മാക്കമ്മ, ഇയ്യക്കോത്ത്, കിഴക്കോത്ത്, 673572 | സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൗജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം (സെ. 207 (1 (ജെ) ) |
| 8 | 15/191 | 100.81 ച.മീ | ശശിധരൻ, ഇയ്യക്കോത്ത്, കിഴക്കോത്ത്, 673572 | രേഖപ്പെടുത്തിയിട്ടില്ല |

മേൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

നൽകിയിട്ടില്ല. മേൽ കെട്ടിങ്ങൾക്ക് കെട്ടിട നികുതി ഈടാക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിലും ഈ അപാകത സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

## 2-4 ഒരു ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയത്- സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ(എം.എസ്) 358/15 തി.16.12.2015 എന്നിവ പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബ നാഥന്റെ പേരിലുള്ളതും സ്വന്തം താമസത്തിനുപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിനു മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്

സഞ്ചയ അസസ്മെന്റ് (ഫോറം 6) പരിശോധിച്ചപ്പോൾ ഒരേ ഉടമസ്ഥതയിലുള്ള ഒന്നിലേറെ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| 1 | 13/523 | 44 ച.മീ | അപ്പു, ചെറുമലയിൽ, കിഴക്കോത്ത്, 673572, | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ) ) |
| 2 | 13/524 | 60 ച.മീ | അപ്പു, ചെറുമലയിൽ, കിഴക്കോത്ത്, 673572 | സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൗജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം (സെ. 207 (1 (ജെ) ) |

| | | | | | |
|---|---|---|---|---|---|
| | | | | | |

ഒരു ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. വസ്തു നികുതി കണക്കാക്കി നികുതി കുടിശ്ശിക സഹിതം നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-5 പ്രാഥമിക മേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് നികുതി ഇളവ് നൽകി

ശ്രീ അഹമ്മദ് ഹാജി.എൻ.കെ കുറ്റിയിൽ തൊടുകയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ പണി പൂർത്തികരിച്ച കെട്ടിടം സ്ഥിതി ചെയ്യുന്നത് പ്രാഥമിക മേഖലയിലാണ്. എന്നാൽ സഞ്ചയയിൽ ഈ കെട്ടിടം തൃതീയ മേഖലയിൽ ആണ് എന്ന് കാണിച്ച് 20% നികുതി ഇളവു നൽകിയത് കാണുന്നു. കെട്ടിടത്തിന്റെ നികുതി നിർണയിച്ചതിന്റെ വിശദാംശം താഴെ ചേർക്കുന്നു

| കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിനു നൽകിയ നമ്പറുകൾ | തറ വിസ്തീർണം | ബാധകമാക്കിയ നികുതി നിരക്ക് | ബാധക മാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം) ലൈബ്രറി സെസ്സ്) (വഴി സൗകര്യം 20% വർദ്ധനവ്,) (മേഖല തൃതീയം 20% ഇളവ്) | ബാധക മാക്കണ്ട നികുതി (ഇളവുകളും വർധനവും അടക്കം) ലൈബ്രറി സെസ്) വഴി സൗകര്യം 20% വർദ്ധനവ്,) | നഷ്ടം |
|---|---|---|---|---|---|---|
| അഹമ്മദ് | 9/374 A | 24.84 | | 745+38=783 | 895+45=940 | 157 |

| | | | | | | |
|---|---|---|---|---|---|---|
| ഹാജി.എൻ.കെ, കുറ്റിയിൽ തൊടകയിൽ, കിഴക്കോത്ത്, 673572 | 9/374 B<br>9/374 C (first floor)<br>9/374 D (first floor) | 24.84<br>30.36<br>30.36 | 30 | 745+38=783<br>866+44=910<br>866+44=910 | 895+45=940<br>1039+52=1091<br>1039+52=1091 | 157<br>181<br>181 |
| നഷ്ടം | | | | | | 676 |

അപാകതയ്ക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണകുറിപ്പിന് മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-6 തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള ചുവടെ ചേർത്ത നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

1.കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്.

2)കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

3.. കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

4. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

ഈ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്

| ക്രമ നം | അപേക്ഷകന്റെ പേര് | വാർഡ് നം/ സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 9 | ഹാരിസ് കെ | 9/423 ബി, റിറ്റ്സി ഗോൾഡ് | 4 |
| 29 | സുബൈദ, പുത്തൻ വീട്ടിൽ | 12/477 എ<br>പി.വി.എസ് സിമന്റ് വർകസ്, കാവിലുമ്മാരം | 4 |
| 30 | സയ്യിദ് അശ്റഫ്, സനം | 10/391,<br>പി വി എസ് ഹോളോബ്രിക്സ് | 4 |
| 106 | പി വി അബ്ദുൽ റസാക്ക് | 09/260, മലബാർ ഹോളോബ്രിക്സ് | 4 |
| 137 | സത്താർ.എം.എം | 8/475 ഹൈനെസ് (എഫ് ആർ പി) ഇന്റസ്ട്രീസ്, കിഴക്കോത്ത് | 10 |

എന്നാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ

ചെയ്തിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മാർഗ്ഗനിർദ്ദേശം പാലിക്കാതെ കാർഷികപദ്ധതി നടപ്പിലാക്കി

പ്രോജക്ട് നം - 25/18, കിഴങ്ങ് വർഗ്ഗങ്ങൾ (പട്ടികജാതി) നൽകൽ (വിത്തുകൾ)

അടങ്കൽ - 557000/-വികസനഫണ്ട്(എസ് സി പി)

ചെലവ് - 557000/- ബിൽ നം. 7/12.3.18

നിർവഹണം – കൃഷി ഓഫീസർ

പട്ടികജാതിയിൽപെട്ട ഗുണഭോക്താക്കൾക്ക് ചേമ്പ്, ചേന, കാച്ചിൽ എന്നീ കിഴങ്ങ് വർഗ്ഗങ്ങൾ നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. പദ്ധതി പ്രകാരം 8.403കി.ഗ്രാം ചേന, 2.801കി.ഗ്രാം ചേമ്പ്, 4.096കി.ഗ്രാം കാച്ചിൽ എന്നിവ വീതം അടങ്ങുന്ന 714 കിറ്റുകൾ 105 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ചേന കി.ഗ്രാമിന് 50 രൂപ, ചേമ്പ് കി.ഗ്രാമിന് 70 രൂപ, കാച്ചിൽ കി.ഗ്രാമിന് 40 രൂപ എന്നീ നിരക്കിൽ ഒരു കിറ്റിൽ 780രൂപയുടെ കിഴങ്ങുവർഗ്ഗങ്ങളാണുള്ളത്. സ്ഥലവിസ്തൃതിക്കനുസരിച്ച് ഗുണഭോക്താക്കൾക്ക് 5കിറ്റ് മുതൽ 18 കിറ്റ് വരെ നൽകിയിട്ടുണ്ട്. 13ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ – ജി.ഒ (എം.എസ്) നം. 80/17 തസ്വഭവ തീയതി 3.4.17, ഖണ്ഡിക 8.1ലെ ക്രമ നം. 3 പ്രകാരം കിഴങ്ങ് വർഗ്ഗങ്ങൾക്ക് പരമാവധി 3500 രൂപ വരെ സബ്സിഡി നൽകാം. എന്നാൽ മേൽ പദ്ധതി പ്രകാരം ചില ഗുണഭോക്താക്കൾക്ക് 14040 രൂപ (18 x 780രൂപ) വരെ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ | സ്ഥലത്തിന്റെ | നൽകിയ | കിഴങ്ങ് |
|---|---|---|---|---|

| നം. | പേര് | വിസ്തൃതി | കിറ്റുകളുടെ എണ്ണം | വർഗ്ഗങ്ങളുടെ വില |
|---|---|---|---|---|
| 1 | കല്യാണി.വി.പി<br>വെള്ളിലാട്ടുപൊയിൽ | 18സെന്റ് | 9 | 7020രൂപ |
| 2 | ഷൈനി.ടി.പി<br>വെള്ളിലാട്ടുപൊയിൽ | 20സെന്റ് | 10 | 7800രൂപ |
| 3 | മിനി.എം.<br>മലയിൽ | 23സെന്റ് | 10 | 7800രൂപ |
| 4 | വത്സല അശോകൻ<br>പന്ന്യങ്ങാട്ടുപുറായിൽ | 24സെന്റ് | 12 | 9360രൂപ |
| 5 | അമ്മാളു.വി.പി<br>ചെറിയ<br>പാലോറമ്മൽ | 35സെന്റ് | 16 | 12480രൂപ |
| 6 | ചന്ദ്രൻ<br>കാളിക്കുന്നമ്മൽ | 24സെന്റ് | 12 | 9360രൂപ |
| 7 | സരോജിനി<br>ചെറിയ<br>പാലോറമ്മൽ | 61സെന്റ് | 17 | 13260രൂപ |
| 8 | ജാനു<br>ചെറിയ<br>പാലോറമ്മൽ | 50സെന്റ് | 18 | 14040രൂപ |
| 9 | നാരായണി | 34സെന്റ് | 17 | 13260രൂപ |

| | | | | |
|---|---|---|---|---|
| | വെള്ളാറമ്പാറയിൽ | | | |
| 10 | വേലായുധൻ.വി.എം<br>വെള്ളാറമ്പാറയിൽ | 25സെന്റ് | 12 | 9360രൂപ |
| 11 | ഗോപാലൻ<br>പൊയിൽ | 56സെന്റ് | 16 | 12480രൂ |

ഒരു ഗുണഭോക്താവിന് 3500രൂപ പ്രകാരം 105 ഗുണഭോക്താക്കൾക്ക് 367500 രൂപ പരമാവധി ചെലവഴിക്കുന്നതിന് പകരം 557000രൂപ ചെലവഴിച്ചതിനാൽ 189500രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 7.1.19ലെ ഓഡിറ്റ് എൻക്വയറി നം. 2ന് കൃഷി ഓഫീസർ സമർപ്പിച്ച മറുപടിയിൽ കൂടുതൽ പേർ ഗുണഭോക്താക്കളായിട്ടുള്ള വാർഡുകളിൽ അതത് വാർഡ് ആസ്ഥാനത്ത് വെച്ചും മറ്റുള്ളവർക്ക് കൃഷിഭവനിൽ വെച്ചുമാണ് വിത്തുകൾ വിതരണം ചെയ്തതെന്നും കൃഷിഭവനിൽ വെച്ച് വിതരണം ചെയ്ത 105 കർഷകരുടെ വിശദാംശങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതെന്നമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 105 ഗുണഭോക്താക്കൾക്കായി 714 കിറ്റുകളും വിതരണം ചെയ്തതായും പ്രസ്തുത ഗുണഭോക്താക്കൾ മുഴുവൻ കിറ്റുകൾ കൈപ്പറ്റിയതായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കാനാവില്ല. അധികം നൽകിയ 189500 രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## **3-2** <u>പഞ്ചായത്ത് ഓഫീസ് പരിഷ്കരണം - പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ</u>

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്ട് നം - 169/18

അടങ്കൽ - 16,40,420/-, ലോകബാങ്ക് ധനസഹായം

ചെലവ് - 8,84,226/- ബിൽ നം. 27/31.10.17

- 6,76,442/- ബിൽ നം. 28/31.10.17

കരാർ നം. -90/15 തീയതി 3.10.15

കരാർ തുക - 43,54,508.71

2014-15 വർഷം 46,00,000രൂപ അടങ്കലിൽ ആരംഭിച്ച പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം 2017-18 വർഷത്തിലാണ് പൂർത്തീകരിച്ചത്. പ്രവൃത്തിയുടെ ഫയൽ

പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കെട്ടിടനിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കേണ്ടതാണെങ്കിലും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്താതെയാണ് പഞ്ചായത്ത് ഓഫീസ് നിർമ്മാണത്തിനുള്ള പ്രൊജക്ട് തയ്യാറാക്കിയത്.

2. കരാർ പ്രകാരമുള്ള കാലാവധിക്കകം പ്രവത്തി പൂർത്തീകരിച്ചില്ല. 21.8.2015ന് നടന്ന ഇ-ടെണ്ടറിൽ ടെണ്ടർ കുറവ് ക്വാട്ട് ചെയ്ത സാദിഖലി, ജെ.കെ.ഇൻഫ്രാസ്ട്രക്ച്ചേഴ്സ് എന്നിവരുമായി 31.8.2015ന് നടന്ന ചർച്ചയിൽ നറുക്കെടുക്കാൻ തീരുമാനിക്കുകയും സാദിഖലി എന്ന കരാറുകാരന്റെ 5.33% റേറ്റിലുള്ള ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. (തീരുമാനം നം. 2(3)/19.9.2015). കരാറുകാരനുമായി 3.10.15ന് കരാർ വെയ്ക്കുകയും കരാർ പ്രകാരം 6 മാസത്തിനുള്ളിൽ 4.4.2016ന് പ്രവൃത്തി പൂർത്തീകരിക്കാമെന്ന് കരാർ ഉടമ്പടിയിൽ വ്യവസ്ഥ ഉണ്ടാക്കിയതുമാണ്. പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ തുക 1490915 രൂപ ബിൽ നം. 116/28.3.16 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തിയുടെ കാലാവധി പിഴയില്ലാതെ 8.5.2016 വരെ നീട്ടി നൽകിയതായി 4/16/AE/LSGD/KGPതീയതി 4.4.2016 നം. കത്ത് പ്രകാരം കരാറുകാരനെ അറിയിച്ചു. പ്രസ്തുത തീയതിയിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 6/16/AE/LSGD/KGPതീയതി 8.5.2016 നം. കത്ത് പ്രകാരം 1% പിഴയോടു കൂടി 8.8.2016 വരെയും 8/16/AE/LSGD/KGPതീയതി 8.8.2016 നം. കത്ത് പ്രകാരം 2% പിഴയോടു കൂടി 8.11.2016 വരെയും കാലാവധി നീട്ടി നൽകി. കാലാവധി നീട്ടിക്കൊണ്ട് അസി. എഞ്ചിനീയർ നൽകിയ കത്തിനൊന്നും തന്നെ കരാറുകാരൻ മറുപടി നൽകുകയോ പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന്റെ കാരണം ബോധിപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയുടെ രണ്ടാം പാർട്ട് ബിൽ തുക 958665 രൂപ ബിൽ നം. 56/21.3.17പ്രകാരം നൽകിയ സമയത്ത് മേൽ പ്രകാരമുള്ള പിഴ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. പ്രവൃത്തി 15.5.2017ന് പൂർത്തീകരിക്കുകയും ടെണ്ടർ കുറവ് 5.33% കുറച്ച് 15,60,668 രൂപ ഫൈനൽ ബില്ലായി കരാറുകാരന് നൽകിയപ്പോഴും പിഴ ഈടാക്കുകയുണ്ടായില്ല. മൂന്ന് ബില്ലുകളിലായി ആകെ 40,10,248 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

1.2.2012ലെ (പി) 13/12 പി.ഡബ്ല്യു.ഡി സർക്കാർ ഉത്തരവിലെ സെക്ഷൻ 2112-1 പ്രകാരം പൂർത്തീകരണ കാലാവധി ആദ്യ തവണ 1% ഫൈനോടുകൂടി 25%വും രണ്ടാമത് തവണ 2% ഫൈനോടുകൂടിയും പരമാവധി ഒറിജിനൽ കംപ്ലീഷൻ പിരീഡിന്റെ 50% വരെ ദീർഘിപ്പിക്കാവുന്നതാണ്. അതായത് മേൽ പ്രവൃത്തിയിൽ ഫൈനോടു കൂടി പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന കാലാവധി 3.7.16 വരെ ആയിരുന്നു. അതിനു പകരം ഫൈനോടു കൂടി 8.11.16 വരെ കാലാവധി നീട്ടി നൽകിയത് ക്രമ പ്രകാരമല്ല. 3.7.16 വരെ ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയുടെ വിശദാംശം താഴെ

കൊടുക്കുന്നു.

| | | |
|---|---|---|
| ആകെ കാലാവധി 6 മാസത്തിന്റെ 25% ആദ്യ എക്സ്റ്റൻഷൻ 4.4.16 മുതൽ 18.5.16 വരെ 1% | എഗ്രീഡ് പിഎസി 43,54,508.71 x 1/100 | 43545 |
| രണ്ടാം എക്സ്റ്റൻഷൻ 19.5.16 മുതൽ 3.7.16 വരെ 2% | 43,54,508.71 x 2/100 | 87090 |
| | | 1,30,635രൂപ |

പ്രവൃത്തി അവസാനിച്ചത് 15.5.2017നാണ്. 3.7.16 ന ശേഷം കരാർ അവസാനിപ്പിച്ച് മരാമത്ത് മാന്വൽ ഖണ്ഡിക 2116.1 പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കാതെ ഫൈനൽ ബിൽ തുക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഫൈൻ ഇനത്തിൽ നഷ്ടം വന്ന 1,30,635 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ആവിലോറ അങ്കണവാടി പുനരുദ്ധാരണം - അധികതുക നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്ട് നം - 142/18

അടങ്കൽ - 3,50,000/-, സംരക്ഷണഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 2,89,694/- ബിൽ നം. 2/19.6.2017

കരാർ നം. -29/17 തീയതി 18.1.2017

അളവ് പുസ്തകം - 110/16-17

കൺവീനർ - മുഹമ്മദ് കളത്തിങ്ങൽ

ആവിലോറ അങ്കണവാടിയിൽ നിലത്ത് ടൈൽ പതിക്കൽ, ചുമർ പെയിന്റിംഗ്, ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ചുമർ പെയിന്റിംഗ് പ്രവൃത്തിയിൽ ആകെ ചെയ്ത പ്രവൃത്തിയുടെ അളവിൽ നിന്ന് വാതിലുകൾ, ജനലുകൾ എന്നിവയുടെ അളവുകൾ യഥാക്രമം 8.40m2, 8.78m2 (ആകെ -17.18m2 ) എന്നിവ കുറയ്ക്കുന്നതിന് പകരം കൂട്ടിയതിനാൽ മൂല്യനിർണയ തുകയിൽ അധിക തുക ഉൾപ്പെടുകയും താഴെ പറയും പ്രകാരം കരാറുകാരന് അധികം തുക നൽകാനും ഇടയായിട്ടുണ്ട്.

| ഇനം | നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|
| 23 – Applying one coat cement primer | 272.82 + 17.18m2 = 290m2 290m2 @46.28/ m2 = 13421.2രൂപ | 272.82m2 - 17.18m2 = 255.64m2 255.64m2 @ 46.28/ m2 = 11831രൂപ | 1590രൂപ |
| 24-wall painting with acrylic emulsion paint | 232.29m2 + 17.18m2 = 249.46m2 249.46m2 @103.92/ m2 = 25923.88രൂപ | 232.29m2 - 17.18m2 = 215.11m2 215.11m2 @103.92/ m2 = 22354രൂപ | 3570രൂപ |
| | | | 5160രൂപ |

14.2.2017ന് അളവുകൾ മെഷർ ചെയ്ത അസി. എഞ്ചിനീയറും 15.2.2017ന് ചെക്ക് മെഷർ ചെയ്ത അസി. എകസി. എഞ്ചിനീയറും അളവിന്റെ കൃത്യത ഉറപ്പ് വരുത്തിയതായി കാണുന്നില്ല. മേൽ പ്രവൃത്തിയിൽ കൺവീനർക്ക് അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 5160 രൂപ അളവുകൾ മെഷർ ചെയ്ത അസി. എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി. എക്സി. എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 കുടിവെള്ള വിതരണം - സർക്കാർ ഉത്തരവ് പാലിച്ചില്ല

2017-18 വർഷം കുടിവെള്ളക്ഷാമം നേരിട്ട ഗ്രാമപഞ്ചായത്തിലെ ഒന്ന് മുതൽ പതിനെട്ട് വരെയുള്ള വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്ത വകയിൽ, ക്വട്ടേഷൻ വ്യവസ്ഥ പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത അബ്ദുൾ സലാം, ബിസ്മി വാട്ടർ സപ്ലേ എന്നവർക്ക് ലിറ്ററിന് 55 പൈസ നിരക്കിൽ 1104000 ലിറ്റർ കുടിവെള്ളത്തിന് രണ്ട് ശതമാനം ആദായനികുതി (12144 രൂപ) കഴിച്ച് ബാക്കി 595056 രൂപ നൽകുകയുണ്ടായി (വൗച്ചർനമ്പർ.21700382, തിയ്യതി 19-10-2017).

സർക്കാർ ഉത്തരവ് (ആർ.ടി) 807/2012 തസ്വഭവ തിയ്യതി 20/03/2012 പ്രകാരം ഇങ്ങനെ കുടിവെള്ള വിതരണത്തിനായി ചിലവാക്കുന്ന തുകയ്ക്ക് പിന്നീട് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങണമെന്നും വരൾച്ചക്ക ശേഷം ചേരുന്ന ഗ്രാമസഭയിൽ/വാർഡ് സഭയിൽ ജലവിതരണത്തെ സംബന്ധിച്ച വിവരങ്ങൾ സമർപ്പിച്ച് ചർച്ച ചെയ്യണമെന്നും, ജല വിതരണം നടത്തുന്ന ടാങ്കർ ലോറികളുടെ ട്രിപ്പ് ഷീറ്റ് ബന്ധപ്പെട്ട വാർഡ് പ്രതിനിധിയും ഏ ഡി എസ് ചെയർപേഴ്സണും സാക്ഷ്യപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി നിബന്ധനകൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് ഏൻക്വയറി (18/14-1-19) മുഖേന ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള ചെലവ് 607200 രൂപ ഓഡിററിൽ തടസ്സത്തിൽ വെക്കുന്നു.

## 3-5 പെൻഷൻ അംശദാനം അടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2017-18 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചപ്പോൾ ജീവനക്കാർക്ക് 2014 ലെ ശമ്പള പരിഷ്കരണം അനുവദിച്ചപ്പോഴും, വാർഷിക ഇൻക്രിമെന്റ് അനുവദിച്ചപ്പോഴും അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പെൻഷൻ അംശദാനം അടച്ചതായി കാണുന്നില്ല. അടിസ്ഥാന ശമ്പളം വർദ്ധിച്ചപ്പോൾ കുടിശിക നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക.. |
|---|---|---|---|
| 1 | 21700104 | 01.06.2017 | 4284/- |
| 2 | 21700122 | 05.06.2017 | 6813/- |
| 3 | 21700400 | 27.10.2017 | 2736/- |
| 4 | 21700448 | 13.11.2017 | 7000/- |
| 5 | 21700386 | 19.10.2017 | 163826/- |

പഞ്ചായത്തിലെ മുഴുവൻ ജീവനക്കാർക്കും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അടിസ്ഥാന ശമ്പളം വർദ്ധിപ്പിച്ച നൽകുമ്പോൾ, വർദ്ധിച്ച തുകയ്ക്ക് 15 ശതമാനം അംശദാനം സർക്കാരിലേക്ക് അടയ്ക്കാൻ ജി.ഒ.(പി)7/2016/ഫിൻ/20.1.2016 ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 1, 2, 3, 4 ഗഡുക്കൾ അനുവദിച്ചപ്പോൾ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക പഞ്ചായത്ത് ഒടുക്കിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തര

നടപടികൾ കൈക്കൊള്ളേണ്ടതും അടവുവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-6 ഡെപ്പോസിറ്റ് പ്രവർത്തി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

വിവിധ മരാമത്ത് പദ്ധതികൾക്കായി 2017-18 വർഷം ചുവടെ ചേർത്ത പ്രകാരം തുക ഡെപ്പോസിററ് ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെട്ടുകയുണ്ടായി.

| സ്ഥാപനം | പ്രവൃത്തിയുടെ പേര് | ഡിപ്പോസിറ്റ് തുക | ബിൽ നം./തീയതി വൗച്ചർ നം. |
|---|---|---|---|
| കെ.ഡബ്യു.എ | കുടിവെള്ള പദ്ധതിയ്ക്ക് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ | 1200000 | 36/17-18/ 24.1.2018 |
| കെ.ഡബ്യു.എ | കുടിവെള്ളം ലഭ്യമാക്കൽ | 475750<br>320287<br>11963 | 49/ 28-3-.2018<br>50/28-3-18<br>SB/XYNO1938082 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അരീക്കുഴി ചെറിയ പാലോറ കുടിവള്ള പദ്ധതി | 34200 | 38/15-2-18 |

1. ജി.ഒ. (എം.എസ്.) 72/2017/ത.സ്വ.ഭ.വ./29.3.2017 പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.3(17) പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്ക് തുക മുൻകൂർ നൽകണമെങ്കിൽ ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ നൽകാവൂ. എന്നാൽ മേൽ പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.
2. മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ചോ, തുകയുടെ വിനിയോഗം സംബന്ധിച്ചോ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗ നിർദ്ദേശം പാലിക്കാതെ ഡെപ്പോസിററ് പ്രവൃത്തികൾക്ക് തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്

മറുപടി ലഭ്യമാക്കിയില്ല. ഡെപ്പോസിററ് പ്രവൃത്തികളുടെ മോണിട്ടറിംഗ് തദ്ദേശഭരണ സ്ഥാപനം യഥാസമയം നടത്തേണ്ടതാണ്. മേൽ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് മരാമത്ത് വർക്കിംഗ് ഗ്രൂപ്പിലോ, വികസന സ്റ്റാൻഡിംഗ് കമ്മിററിയിലോ യാതൊരു ചർച്ചയും നടന്നിട്ടില്ല. മേൽ പ്രവൃത്തികളുടെ വിനിയോഗ സർട്ടിഫിക്കററ്, പ്രവൃത്തി പൂർത്തീകരണ വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 2042200/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 മരാമത്ത് പ്രവൃത്തിനിർവ്വഹണം - വകയിരുത്തിയ തുകയുടെ വിനിയോഗം കാര്യക്ഷമമല്ല

1. വകയിരുത്തിയ തുകയുടെ 50% പോലും വിനിയോഗിച്ചില്ല.

അസി. എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 100 പ്രോജക്കുകളാണ് പൂർത്തീകരിക്കാനുണ്ടായിരുന്നത്. ഇതിൽ 53 പ്രൊജക്കുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. വിവിധ ഫണ്ടിനങ്ങളിലായി വകയിരുത്തിയ 24860243 രൂപയിൽ 10270617 രൂപ മാത്രമേ സാമ്പത്തികവർഷം വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ. പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാത്തതിനാൽ 14589626 രൂപ ഗ്രാമപഞ്ചായത്തിന് അസി.എൻജിനീയർ നടപ്പിലാക്കിയ പ്രോജക്കുകൾക്ക് മാത്രം വിനിയോഗിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

2. സ്പിൽ ഓവർ പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല.

അസി. എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 40 സ്പിൽ ഓവർ പ്രോജക്കുകളിൽ 19 പ്രവൃത്തികൾക്ക് സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടതായി കാണുന്നില്ല. ജി.ഒ.(എം.എസ്) നം./72/17/ത സ്വ.ഭ.വ തീയതി 29.3.17 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖ 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്കുകൾ സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. 2017-18 ലും സ്പിൽ ഓവർ ആയ 19 പ്രവൃത്തികളും പൂർത്തീകരിക്കാത്തതിനാൽ നടപ്പാക്കാതെ ഉപേക്ഷിക്കേണ്ടി വന്നു.

ആവശ്യകത നിർണ്ണയിക്കാതെയും അവസ്ഥാവിശകലനം നടത്താതെയും പദ്ധതികൾ രൂപീകരിച്ചതു കൊണ്ടാണ് ഇത്തരത്തിൽ പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കാൻ സാധിക്കാതിരുന്നത്. അംഗീകാരം നേടിയ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട തടസ്സം സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും യഥാസമയങ്ങളിൽ നിരീക്ഷിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥന് മാർഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. പദ്ധതികളെല്ലാം തന്നെ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, വികസന സെമിനാർ എന്നീ ഘട്ടങ്ങളിലൂടെ കടന്നുവരുന്നുവെന്നും അംഗീകാരം കിട്ടിയ പ്രൊജക്കുകൾ എല്ലാം നടപ്പാക്കുന്നു എന്നും അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പു

വരുത്തേണ്ടതാണ്.

## 3-8 റോഡ് പ്രവൃത്തികൾ മാർഗ്ഗനിർദ്ദേശം പാലിക്കാതെ നടപ്പിലാക്കുന്നു

ജി.ഒ. (എം.എസ്) നം./72/17/ ത സ്വ.ഭ.വ തീയതി 29.3.17 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖ 12.10(1) പ്രകാരം ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ അപ്രകാരം ചെയ്തിട്ടില്ല. റോഡ് കണക്റ്റിവിറ്റി പദ്ധതി തയ്യാറാക്കി ആയതിനനുസരിച്ച് പ്രവൃത്തികൾ ചെയ്യുന്നതിന് പകരം ഒരേ റോഡിൽ തന്നെ വിവിധ റീച്ചുകൾക്ക് വ്യത്യസ്ത പ്രൊജക്ടുകൾ തയ്യാറാക്കി വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ച് നൽകുകയാണ് ചെയ്തുപോരുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രൊജക്ട് നം. 67/18 – മരുതുള്ളതിൽ പൊന്നുമല റോഡ് - ഫസ്റ്റ് റീച്ച് (ചെയിനേജ് 0/20 -0/65, 0/190-0/327 )

പ്രൊജക്ട് നം. 95/18 – മരുതുള്ളതിൽ പൊന്നുമല റോഡ് - സെക്കന്റ് റീച്ച് (ചെയിനേജ് 0/625 - 0/693)

മേൽ രണ്ട് പ്രൊജക്ടുകളിലും ടാറിംഗ്, റീടാറിംഗ്, റോഡിന്റെ സൈഡിൽ കോൺക്രീറ്റ് ബാരിക്കേഡ് എന്നീ പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. രണ്ട് പ്രവൃത്തികളും ഒരേ കരാറുകാരൻ തന്നെയാണ് ഏറ്റെടുത്തത്. സെക്കന്റ് റീച്ച് പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകി. എന്നാൽ ഫസ്റ്റ് റീച്ച് പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല.

2. പ്രൊജക്ട് നം. 87/18 – പുത്തലത്ത് പറമ്പ് പൂവ്വത്തൊടുക റോഡ്

പ്രൊജക്ട് നം. 88/18 – പുത്തലത്ത് പറമ്പ് പൂവ്വത്തൊടുക റോഡ്

മേൽ രണ്ട് പ്രൊജക്ടുകളും 2017-18 വർഷം പൂർത്തീകരിച്ചിട്ടില്ല.

റോഡ് കണക്റ്റിവിറ്റി പദ്ധതി തയ്യാറാക്കി സമഗ്രമായ റോഡ് വികസനം സാധ്യമാക്കുന്നതിന് പകരം ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിച്ച് ചെറിയ പ്രവൃത്തികളാക്കി കരാറുകാരെ ഏൽപ്പിക്കുന്ന രീതി പിൻതുടരുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-9 തെരുവ് വിളക്ക് സ്ഥാപിക്കൽ–അപാകതകൾ

പ്രൊജക്ട്- തെരുവ് വിളക്ക് സ്ഥാപിക്കൽ

പ്രൊജക്ട് നമ്പർ- 2 /17-18

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ- 500000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 500000 രൂപ ( bill no. 41/17-18 dtd19.3.2018 )

2017-18ൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാനാണ് പ്രൊജക്ട് തയ്യാറാക്കിയത്. പദ്ധതി പ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് 24 വാട്ട് L.E.D ബൾബ് 154 എണ്ണം 2900 നിരക്കിൽ ഒരു വർഷ വാറന്റിയിൽ സ്റ്റാർ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് നികുതി ഉൾപ്പെടെ 500000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഓരോ വാർഡിലും ഇത്ര എണ്ണം എൽ ഇ ഡി വിളക്കുകൾ സ്ഥാപിച്ചു എന്ന് മെമ്പർമാർ നൽകിയ കത്ത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. വാർഡിൽ ഏതൊക്കെ സ്ഥലത്ത് ഏതെല്ലാം പോസ്റ്റിലാണ് വിളക്കുകൾ സ്ഥാപിച്ചതെന്ന് വ്യക്തമാക്കിയ വിശദമായ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

2) തെരുവ് വിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 ൽ സ്ഥാപിച്ച വിളക്കുകളുടെ വിശദാംശം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) കെ.എസ്.ഇ.ബി.യുടെ സൂപ്പർവിഷൻ മുഖേനയാണ് വിളക്കുകൾ സ്ഥാപിക്കേണ്ടത്. എന്നാൽ വിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച് കെ.എസ്.ഇ.ബിയുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

തെരുവ് വിളക്കിന് പ്രത്യേകമായി രജിസ്റ്റർ സൂക്ഷിക്കേണ്ടതും രജിസ്റ്ററിൽ ഓരോ തെരുവ് വിളക്കും ഇനം തിരിച്ച് (എൽ ഇ ഡി, ട്യൂബ് മുതലായവ) രേഖപ്പെടുത്തേണ്ടതും, വാറന്റി, നിലവിൽ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ടെന്നുമടങ്ങിയ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്ന തരത്തിൽ തയ്യാറാക്കേണ്ടതുമാണ്. കൂടാതെ റിപ്പയർ സമയബന്ധിതമായി ചെയ്യിക്കേണ്ടതും ഈ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## **3-10** എസ്. സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അടങ്കൽ തുക : 160000/-

ചെലവുതുക : 143256/ (ബിൽ നം 7 /14.3.2018)

പട്ടിക ജാതി വിഭാഗത്തിൽ പെട്ട 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി 2017-18 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയതാണ് ഈ പദ്ധതി. ഇതുപ്രകാരം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 32 വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1. സബ്സിഡി മാർഗരേഖ ജി. ഒ.( എം. എസ് )നം 80/2017 ത സ്വ ഭ വ തിയതി

03/04/2017 ലെ ഖണ്ഡിക 11.8 ൽ 5 പ്രകാരം സൈക്കിൾ വാങ്ങി നൽകുമ്പോൾ പട്ടിക ജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലയെന്ന സാക്ഷ്യപത്രം ഉണ്ടായിരിക്കേണ്ടതാണ്. ഇത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2)പട്ടിക ജാതി വിഭാഗത്തിൽപെട്ട 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്ര സൗകര്യം എർപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം . എന്നാൽ 14/03/2018 ന് മാത്രമാണ് സൈക്കിളുകൾ വിതരണം ചെയ്യുന്നത്. 10-ാം ക്ലാസിൽ പഠിക്കുന്ന 8 വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയായതിനു ശേഷമാണ് സൈക്കിളുകൾ ലഭിക്കുന്നത്. പദ്ധതി നിർവ്വഹണത്തിലെ കാലതാമസം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

3) വിതരണം ചെയ്ത സൈക്കിളുകൾ സ്റ്റോക്കിലെടുക്കുകയോ, പ്രത്യേകം രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 പൗരാവകാശരേഖ തയ്യാറാക്കിയില്ല

2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം പൊതു തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിന് ശേഷം കഴിയുന്നതും നേരത്തെ എന്നാൽ 6 മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും തീരുമാനിക്കുകയും, ചട്ടം 4 പ്രകാരം പൊതുജനങ്ങളുടെ അറിവിലേക്കായി ഓഫീസ് നോട്ടീസ് ബോർഡിലും മറ്റ് പഞ്ചായത്ത് പ്രദേശത്തെ പൊതു സ്ഥലങ്ങളിലെ നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും ആയത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാകുന്നു. എന്നാൽ 2015ൽ പഞ്ചായത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നതിന് ശേഷം ഇത്തരത്തിലുള്ള പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി കാണുന്നില്ല. ചട്ടപ്രകാരം പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-12 മുൻകൂർ തുക ക്രമീകരിച്ചില്ല- റജിസ്റ്ററിൽ രേഖപ്പെടുത്തൽ അപൂർണ്ണം

ഗ്രാമപഞ്ചായത്തിലെ മുൻകൂർ റജിസ്റ്റർ പരിശോധിച്ചപ്പോൾ 2017-18 വർഷം വൗച്ചർ നമ്പർ 21700698, തിയ്യതി 15/03/2018 പ്രകാരം വികസന സെമിനാർ നടത്തുന്നതിന്

വേണ്ടി സെക്രട്ടറി കൈപ്പറ്റിയ 14100 രൂപ നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല. സർക്കാർ ഉത്തരവ് (പി) 419/2011 ധന 4-10 -2011 പ്രകാരം മുൻകൂർ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും ക്രമീകരിക്കാത്ത തുകയ്ക്ക് 18 ശതമാനം പലിശ ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്, ആയത് പ്രകാരം സ്വീകരിച്ച നടപടികൾ വിശദീകരിക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക് (21/14-01-19) ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.

മുൻകൂറുകൾ അനുവദിക്കുമ്പോൾ റജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തുന്നുണ്ടെങ്കിലും ആയത് ക്രമീകരിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ ഒന്നും വരുത്താത്തതിനാൽ എതൊക്കെ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. 2017-18 വർഷം 19 അഡ്വാൻസുകൾ നൽകിയതായി റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വൗച്ചർനമ്പർ 41700260 തിയ്യതി 31-3-18, പ്രകാരം നൽകിയ ടി.എ, സാലറിയും, വൗച്ചർനമ്പർ 41700279, തിയ്യതി 31-03-18 പ്രകാരം ഐ സി ഡി എസ് സൂപ്പർവൈസർക്ക് അനുവദിച്ച തുകയും മാത്രമാണ് ക്രമീകരിച്ചതായി രേഖപ്പെടുത്തി കാണുന്നത്. ഇത്തരം അപാകതകൾ പരിഹരിക്കാൻ സത്വരനടപടികൾ സ്വീകരിക്കുന്നതോടൊപ്പം വികസന സെമിനാറിന് നൽകിയ മുൻകൂർ തുക ക്രമീകരിച്ചില്ലെങ്കിൽ മേൽ സർക്കാർ ഉത്തരവിൽ പറഞ്ഞ നടപടികൾ സ്വീകരിച്ച്, പലിശ സഹിതം തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 45000 | ക്ഷീരസഹകരണ സംഘങ്ങളിലെ | 45000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കർഷകർക്ക് പാലിന് സബ്സിഡി | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 45000 | ക്ഷീരസഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി (വനിത) | 45000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | റീസൈക്ലിംഗ് കെട്ടിട നിർമ്മാണം | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 40000 | ക്ഷീരസഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 40000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 5000 | ക്ഷീരസഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി (വനിത) | 5000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ (പ്രൊജക്ട് 114/18) | 21700816/ 19.12.2017 | 1200000 | 0 | 1200000 |
| ജി.ഡബ്ല്യു.ഡി | അരിക്കുഴി ചെറിയ പാലോറ കുടിവെള്ള പദ്ധതി (പ്രൊജക്ട് 190/18) | 21700846/ 7.2.2018 | 34200 | 0 | 34200 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ളം ലഭ്യമാക്കൽ | 21700922, 21700923/ 27.3.2018 21700744/ 31.3.2018 | 808000 | 0 | 808000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നും ലഭിച്ചിട്ടില്ല . ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | എം.എസ്.209/2009/ 7.11.2009 | 7320352 | 1661621 | 500000 | 0 | 1161621 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1148962 |
| തൻവർഷം നിക്ഷേപിച്ച തുക | 103406 |
| ആകെ | 1252368 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1252368 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, | 20.2.2018 | 1 വർഷം | 713880 | |

| | | | | | |
|---|---|---|---|---|---|
| | വലിയപറമ്പിൽ | | | | |
| 2. | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വലിയപറമ്പിൽ | 20.2.2018 | 1 വർഷം | 224490 | |
| 3 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വലിയപറമ്പിൽ | 20.2.2018 | 1 വർഷം | 313998 | |
| ആകെ | | | | 1252368 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1632/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2005-06 | 2-1 | 902 | വി.പി.മരക്കാർ ഹാജി, കരിമ്പൊയിൽ | 117100101660/ 4.8.2017 |
| 2015-16 | 2-3 | 480 | കൗസല്യ. എൻ | 117100105360/ 2.2.2018 |
| 2016-17 | 2-4 | 250 | മസീദ.ടി.പി, ഓഫീസ് അറ്റൻഡന്റ് | 117100104670/ 5.1.2018 |
| | ആകെ | 1632 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 27, 29 | 2003-04 (പൊതു പരാമർശം) | 11.13.7.9 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു. |
| 2002-03 | 23 | 2004-05 (പൊതു പരാമർശം) | 11.1.1.3 | ക്യാഷ്ബുക്ക് എഴുതിയില്ല | “ |
| 2002-03 | | 2004-05 (പൊതു പരാമർശം | 11.1.3.22 | നികുതി പിരിവിൽ അലംഭാവം | “ |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി-അപാകതകൾ | “ |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | -ടി- | “ |
| 2015-16 | 3-11 | 2016-17 | 4.2.1 | പുറമ്പോക്കുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതൾ | “ |

## **4-8** ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടി ഫിക്കറ്റ് | | സ്വയം അട വാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പ രും തീയ തിയും | തുക | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | ഇല്ല | | | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോ ഗസ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടി ഫിക്കറ്റ് | | സ്വയം അട വാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്ക വറി നട പടി യിലൂ ടെ ഈടാ ക്കിയ തുക (തീയ തി) | കോടതി വ്യവ ഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാ ധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | ഇല്ല | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63809116 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59811530 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 676 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 325295 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2649400 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 2-5 | 676 | | ശ്രീ.പി.രാമചന്ദ്രൻ, സെക്രട്ടറി | ശ്രീമതി.റോസമ്മ ജോക്കബ്, സെക്രട്ടറി |
| 3-1 | | 189500 | ശ്രീ.ടി.കെ.നസീർ, കൃഷിഓഫീസർ | |
| 3-2 | | 130635 | ശ്രീ.പി.രാമചന്ദ്രൻ, സെക്രട്ടറി | |

| | | | | |
|---|---|---|---|---|
| 3-3 | | 2580 | ശ്രീ.പ്രദീപ്കുമാർ, അസി.എഞ്ചിനീയർ | |
| | | 2580 | ശ്രീ.സന്തോഷ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | നടപടി സ്വീകരിക്കേണ്ട ഉദ്യോദസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 3-4 | 607200 | ശ്രീ.പി.രാമചന്ദ്രൻ, സെക്രട്ടറി | ശ്രീമതി. റോസമ്മ ജേക്കബ്, സെക്രട്ടറി |
| 3-6 | 2042200 | ടി. | ടി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
| ശ്രീ.പി.രാമചന്ദ്രൻ, സെക്രട്ടറി | റിട്ടയേർഡ് | അയ്യിൽ വീട്, പന്തീരാങ്കാവ്, കോഴിക്കോട്- 673019 |
| ശ്രീ.ടി.കെ.നസീർ, കൃഷിഓഫീസർ | കൃഷിഓഫീസർ, കൃഷിഭവൻ, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | ടി.കെ.നിവാസ്, പൂന്നശ്ശേരി-പി.ഒ കോഴിക്കോട്- 673585 |
| ശ്രീ.പ്രദീപ്കുമാർ.പി. അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | കിഴക്കേടത്ത് വീട്, കിഴക്കോത്ത്, കോഴിക്കോട് -673572 |
| ശ്രീ.സന്തോഷ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊടുവള്ളി ബ്ലോക്ക്പഞ്ചായത്ത്, കൊടുവള്ളി | 'ആലയം' കോട്ടൂളി കുതിരവട്ടം കോഴിക്കോട് |
| ശ്രീ.എൻ.രമേശ്, ക്ഷീരവികസന ഓഫീസർ | ക്ഷീരവികസനഓഫീസർ, ക്ഷീരവികസന യൂണിററ് കൊടുവള്ളി ബ്ലോക്ക് | കണ്ടക്കാപ്പള്ളി വീട്, കണ്ണാടിക്കൽ, വേങ്ങേരി |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി-1/ | 2-2 | |

| | | | |
|---|---|---|---|
| | 2317/18/05.12.18 | | |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1717/18(1) | 2-2എ), 3-3(2), 3-9, 3-12 4-5 | |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1239/16(6)/27.4.2017 | 2-4(സി), 2-5, 3-2,3-3(എ ) 3-3(ബി), (സി), 3-8 | |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2222/18/10.10.18 | 3(12), 3(13)(1), 3(19) | |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2317/18/05.12.18 | 3-1, ,3-5 (1), (2),(3), 3-8, 3-12, 3-17 | |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1718/18/10.10.2018 | 1-5, 2-1, 2-2, 2-3 (1), (2),2-4, 2-5, 2-7, 3-1(1), (2),3-3(3), 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-14, 4-3, 4-6 | |

| | | | |
|---|---|---|---|
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1925/18/22.9.2018 | 1-3, 1-5, 2-1, 2-2, 2-3, 2-4,3-1, 3-2, 3-6, 3-7, 3-8, 3-9, 4-1 | |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2224/18/12.10.2018 | 2-1, 2-2(3), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-11, 3-12, 3-13, 3-14 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1719/18/29.8.2018 | 2-1(1),(2),(3), (5),(6), 2-3, 2-4, 2-5, 2-7, 3-2, 3-3, 3-4, 3-5, 3-10, 3-11, 3-13, 3-17(1), (2), 3-18, | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2225/18/10.10.2018 | 2-1, 2-1(2), 2-1(3), (4), (5),(6), 2-2, 2-5, 2-6, 2-7(1), 2-8, 3-1, 3-2, 3-3(2), (3),(4),(5), (6), 3-8, 3-14, | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി1/90/ 2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:05.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്